**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2765.** **12.02.2019 ൽ മറുപടിയ്ക്ക്**

**ലഹരി മുക്തരാകുന്നവരെ നിരീക്ഷണ വിധേയമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത് | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ മദ്യ നയത്തിന്റെ ഭാഗമായി മദ്യത്തിന്റെ ഉപയോഗം വർദ്ധിച്ചുവെന്നത് വസ്തുതയല്ലേ; | (എ) | ജനുവരി 2014 മുതൽ ജൂൺ 2016 വരെയുളള കാലയളവിൽ 535.49 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശ മദ്യവും 326.27 ലക്ഷം കെയ്സ് ബിയറുമാണ് വിൽപ്പന നടന്നിട്ടുള്ളത്. അതേ അവസരത്തിൽ 2016 ജൂലൈ മുതൽ 2018 ഡിസംബർ വരെയുളള. കാലയളവിൽ 523.50 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശ മദ്യവും 307.89 ലക്ഷംകെയ്സ് ബിയറുമാണ് വിൽപ്പന നടന്നിട്ടുള്ളത്. ഈ കണക്കുകൾ താരതമ്യം ചെയ്യുമ്പോൾ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വില്പനയിൽ 11.99 ലക്ഷം കെയ്സിന്റെ കുറവും ബിയറിന്റെ വിൽപ്പനയിൽ 18.38 ലക്ഷം കെയ്സിന്റെ കുറവും ഈ സർക്കാരിന്റെ കാലയളവിൽ ഉണ്ടായതായി കാണാവുന്നതാണ്. |
| (ബി) | ഇതുമൂലം ലഹരിക്ക് അടിമപ്പെടുന്ന ചെറുപ്പക്കാരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇത്തരക്കാരെ ലഹരിയിൽ നിന്നും മുക്തമാക്കുവാൻ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമായിട്ടുണ്ടോ; എങ്കിൽ എത്ര ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചു; | (സി) | കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"യുടെ ഭാഗമായി കേരളത്തിലെ പതിനാല് ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് കൊണ്ട് പതിനാല് ഡീ അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ഡീ-അഡിക്ഷൻ സെന്ററുകളിൽ നിന്നും ചികിത്സ കഴിഞ്ഞ് മടങ്ങുന്നവർ വീണ്ടും ലഹരിയുടെ ലോകത്തിലേക്ക് മടങ്ങുന്നില്ലായെന്ന് ഉറപ്പ് വരുത്തുവാൻ എന്തെങ്കിലും സംവിധാനം ഉണ്ടോ; | (ഡി) യും (ഇ) യും | തുടർ ബോധവൽക്കരണങ്ങൾക്കാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (ഇ) | ഇല്ലെങ്കിൽ അത്തരക്കാരെ നിരീക്ഷിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും വിമുക്തിയുടെ ആഭിമുഖ്യത്തിൽ പ്രത്യേക സംവിധാനം ഒരുക്കുമോ? | | |

**സെക്ഷൻ ഓഫീസർ**